MR. P. K. KRISHNAN SASTRI : അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം മറ്റാളുകൾ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ അറിവില്ല.

MR. K. KUTTAPPAN (*Mavelikara III—Thandan*) : പിന്നോക്ക സമുദായക്കാരിൽ ഏതെല്ലാം ജാതിവിഭാഗക്കാർ ഉൾപ്പെടും എന്നു പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: അതിന്റെ പട്ടിക പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിപ്പോൾ എന്റെ കൈവശമില്ല.

MR. K. KUTTAPPAN : എന്നാണ് പ്രസിദ്ധം ചെയ്തിട്ടുള്ളത്?

HON'BLE MR. G. RAMACHANDRAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. V. DEVAN (*Kottayam IV—Pulaya*) : അവശസമുദായക്കാക്കുള്ള സ്ഥലങ്ങൾ അവക്കു കിട്ടാതെയിരിക്കുന്നതായി ഗവണ്മെൻറിനറിയാമൊ?

HON'BLE MR. G. RAMACHANDRAN : ഞാൻ ഇപ്പോൾ ഇവിടെ വായിച്ചതിൽനിന്നും അവശസമുദായക്കാക്കു നീക്കിവച്ചിട്ടുള്ള സ്ഥലത്തിൽ ഒരുഭാഗംമാത്രമേ കൊടുത്തിട്ടുള്ളു എന്നു കാണാം. ബാക്കിയുള്ളതു കഴിയുന്നതുംവേഗം കൊടുക്കാൻ ശ്രമിക്കാം.

MR. T. V. DEVAN : അങ്ങനെയുള്ള സ്ഥലങ്ങൾ മറ്റുജാതിക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമൊ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

അവശസമുദായവും ഭൂമിപതിവും.

72. MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya Reserved*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ പകുതിയിൽ അവശസമുദായക്കാക്ക്, സബ്ജഡ്ജിനിരക്കിൽ പതിച്ചുനൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ എത്ര ഏക്കർ എന്നും, ഇതേവരെ പതിച്ചു നൽകിയിട്ടുള്ള ഭൂമികൾ എത്ര ഏക്കറെന്നും പറയാൻ ദയവുണ്ടാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN: സൗജന്യനിരക്കിൽ പതിച്ചുകൊടുക്കുന്നതിനു നീക്കിവച്ചിട്ടുള്ളതു് നൂറ് ഏക്കർ എന്ന സെൻറ് സ്ഥലമാണു്. അതിൽ ഇതുവരെ ഫൈവ് ഏക്കർ ഫൈവ് സെൻറ് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു്.

MR. T. T. KESAVAN SASTRI : ബാക്കിയുള്ള സ്ഥലത്തിനു് അപേക്ഷകന്മാർ ഉണ്ടെങ്കിൽ ഗവണ്മെൻറ് പതിച്ചുകൊടുക്കുന്നതിനു വേണ്ട നടപടി എടുക്കുമോ?

HON'BLE MR. G. RAMACHANDRAN : നിശ്ചയമായും.

MR. T. T. KESAVAN SASTRI: ഈയർ മാർക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങൾ അന്യർ കൈവശപ്പെടുത്തിട്ടുണ്ടെങ്കിൽ ഗവണ്മെൻറ് അതിനു് എന്തുനടപടി നടത്തി എന്നു പറയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറു വേണ്ടപോലെ അന്വേഷിച്ചു നടപടി നടത്തുന്നതാണു്.

MR P. M. VARGHESE (*Thodupuzha II—General*) : സൗജന്യനിരക്കു് എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : അതിനു് നോട്ടീസ് വേണം.

ഹരിജൻ ഹോസ്റ്റലുകൾ.

73. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, അടൂർ, കോട്ടയം, പറവൂർ എന്നീ സ്ഥലങ്ങളിലുള്ള ഗവണ്മെൻറു ഹരിജൻ ഹോസ്റ്റലുകളിൽ, ഈ സ്കൂൾവർഷത്തിൽ എത്ര അപേക്ഷകൾക്കുവീതം യഥാക്രമം പ്രവേശനം അനുവദിച്ചിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

MR. K. R. ELANKATH : അപേക്ഷകന്മാരുടെ ഏതെങ്കിലും അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ വരാൻ ഇടയുണ്ടു്.

MR. T. V. DEVAN : ഫൈ വസ്സ് ആയവർക്കുമാത്രമേ പ്രവേശനമുള്ളു എന്നു നിശ്ചയിച്ചിട്ടുണ്ടോ?

* Vide Appendix B.

LIBRARY ARCHIVES Kerala Legislative Assembly